(ബി) ഇല്ലെങ്കിൽ പ്രസ്തുത ആക്ട് അനുസരിച്ച് വ്യവസായ സ്ഥാപനങ്ങളിൽ അപ്രന്റീസ് ട്രെയിനിംഗ് ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1961 ലെ അപ്രന്റീസ് ആക്ട് അനുസരിച്ച് അപ്ഹോൾസ്റ്റർ ട്രേഡിൽ അപ്രന്റീസ് ട്രെയിനംഗ് നിലവിലുണ്ട്. സെക്രട്ടേറിയൽ പ്രാക്ടീസ് ട്രേഡിന് അപ്രന്റീസ് ട്രെയിനിംഗ് നിലവിലില്ല.

(ബി) അപ്രന്റീസ് ആക്ടിന്റെ പരിധിയിൽ പുതിയ ട്രേഡുകൾ ഉൾപ്പെടുത്തുന്നത് സെൻട്രൽ ലേബർ മിനിസ്ട്രിയുടെ കീഴിൽ വരുന്ന സെൻട്രൽ അപ്രന്റീസ്ഷിപ്പ് കൗൺസിൽ ആണ്.

## സ്പോർട്സ് കൗൺസിൽ കാട്ട പ്രകാരം തൊഴിൽ നൽകുന്നതിനുള്ള അംഗീകാരം

186(897)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളരിപ്പയറ്റിൽ സംസ്ഥാനതലത്തിൽ വിജയം നേടിയവർക്ക് സ്പോർട്സ് കൗൺസിൽ കാട്ടപ്രകാരം തൊഴിൽ നൽകുന്നതിനുള്ള അംഗീകാരം പിൻവലിക്കുന്നുണ്ടോ;

(ബി) നാഷണൽ ഇന്റർ നാഷണൽ, ഇന്റർ യൂണിവേഴ്സിറ്റി, സൗത്ത് സോൺ എന്നീ വിഭാഗങ്ങളിൽപ്പെടാത്ത ഏതെല്ലാം സ്പോർട്സ് ഡിസിപ്ലിനുകൾക്ക് സ്പോർട്സ് കൗൺസിൽ കാട്ടയിൽ തൊഴിൽ നേടുന്നതിന് അർഹതയുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന കായിക ഇനങ്ങളിൽ നാഷണൽ, ഇന്റർ നാഷണൽ, ഇന്റർ യൂണിവേഴ്സിറ്റി, സൗത്ത്സോൺ എന്നിവയിൽ പങ്കെടുക്കുകയോ നേട്ടങ്ങൾ കൈവരിക്കുകയോ ചെയ്തവരുടെ അഭാവത്തിൽ, സംസ്ഥാനതലത്തിൽ നേട്ടങ്ങൾ കൈവരിച്ചവരെയും നിയമനത്തിനായി പരിഗണിക്കുന്നതാണ്.

## സംസ്ഥാനത്തെ ഫ്ളൈയിംഗ് ക്ലബ്ബുകൾ വാങ്ങിയ വിമാനങ്ങൾ

187 (898)ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. പി.കെ. അബ്ദു റബ്ബ് :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫ്ളൈയിംഗ് ക്ലബുകളിൽ പരിശീലനം നൽകുന്നതിനുവേണ്ടി സർക്കാർ എത്ര വിമാനങ്ങൾ വാങ്ങിയെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആഗോള ടെണ്ടർ ക്ഷണിച്ചതിനുശേഷമാണോ വാങ്ങിയതെന്നറിയിക്കുമോ;

(സി) എങ്കിൽ എതൊക്കെ കമ്പനികൾ ടെണ്ടർ നൽകി;

(ഡി) ഏതു കമ്പനിയുടേത് സ്വീകരിച്ചു;

(ഇ) വിമാനം വാങ്ങിയതു സംബന്ധിച്ച മാനദണ്ഡം വിശദീകരിക്കുമോ?

ഉത്തരം

(എ)-(ഇ) വരെ ഫ്ളൈയിംഗ് ക്ലബ്ബിനു വേണ്ടി പുതുതായി വിഭാഗം വില കൊടുത്തു വാങ്ങിയിട്ടില്ല. എന്നാൽ കേന്ദ്ര വ്യോമയാന വകുപ്പിൽ നിന്നും ലോൺ വഴി വിമാനം ലഭ്യമാക്കിയിട്ടുണ്ട്.

## ഫ്ളയിംഗ് ക്ലബ്ബുകളിലെ നിയമനം

188 (899)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. എം.കെ. മുനീർ :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്ളൈയിംഗ് ക്ലബ്ബുകളിൽ പരിശീലനം നൽകുന്നതിനും മറ്റുമായി 1998-99. 1999-2000 എന്നീ വർഷങ്ങളിൽ എത്ര പേരെ നിയമിച്ചു;

(ബി) ഏത് ഏജൻസി വഴിയാണ് നിയമനം നടത്തിയത്;

(സി) ഇതിനുവേണ്ടി അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നുവോ;

(ഡി) നിയമനങ്ങൾ നൽകിയവരുടെ പേരു വിവരവും തസ്തികയും വ്യക്തമാക്കുമോ;

(ഇ) എസ്.സി./എസ്.ടി./ഒ.ബി.സി. വിഭാഗങ്ങളിൽ എത്രപേർക്ക് ഏതൊക്കെ തസ്തികകളിൽ നിയമനം നൽകി എന്ന് പ്രത്യേകം പ്രത്യേകം വിശദീകരിക്കുമോ;

(എഫ്)മുന്നോക്ക സമുദായത്തിൽപ്പെട്ട എത്രപേർക്ക് നിയമനം നൽകി;

(ജി) നിയമനങ്ങളിൽ പൂർണ്ണമായും സംവരണതത്വം പാലിച്ചിരുന്നോ;

(എച്ച്) ഇല്ലെങ്കിൽ സംവരണതത്വം പാലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ മുതൽ എച്ച് വരെ) തിരുവനന്തപുരം ഫ്ളയിംഗ് ക്ലബ്ബിൽ പരിശീലനം നൽകുന്നതിനും മറ്റുമായി 1998-99, 1999-2000 എന്നീ വർഷങ്ങളിൽ സ്ഥിരമായി ആരെയും നിയമിച്ചിട്ടില്ല. എന്നാൽ മൂന്നു മാസത്തേക്ക് രണ്ട് അസിസ്റ്റന്റ് ഫ്ളൈയിംഗ് ഇൻസ്ട്രക്ടർമാരെ 1999-ന് മുമ്പ് കോൺട്രാക്ട്

LIBRARY ARCHIVES Kerala Legislative Assembly